ദേശാഭിമാനി

13 July 2017

# കടൽമത്സ്യശേഖര നിർണയത്തിന് പരിശീലനം തുടങ്ങി

**കൊച്ചി** > കടലിലെ മത്സ്യശേഖരങ്ങളുടെ ശാസ്ത്രീയ നിർണയവുമായി ബന്ധപ്പെട്ട പരിശീലനത്തിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) സമ്മർ സ്കൂളിന് തുടക്കമായി.

21 ദിവസത്തെ സമ്മർ സ്കൂളിൽ വിവിധ സർവകലാശാലകളിലെയും ഗവേഷണസ്ഥാപനങ്ങളിലെയും അധ്യാപകരും ശാസ്ത്രജ്ഞരും പങ്കെടുക്കുന്നു. സംസ്ഥാന ഫിഷറീസ് ഡയറക്ടർ ഡോ. എസ് കാർത്തികേയൻ ഉദ്ഘാടനം ചെയ്തു. ആഴക്കടൽ മത്സ്യബന്ധനം, കൂടുമത്സ്യക്കൃഷി, മത്സ്യലഭ്യത കൂടുതലുള്ള സ്ഥലങ്ങൾ കണ്ടെത്തൽ തുടങ്ങിയ മേഖലകളിൽ സിഎംഎഫ്ആർഐയുടെ സാങ്കേതികസഹായം തേടുമെന്ന് അദ്ദേഹം പറഞ്ഞു.

മത്സ്യങ്ങളുടെ മിനിമം ലീഗൽ സൈസ് (പിടിക്കാവുന്നതിന് അനുവദനീയമായ ഏറ്റവും കുറഞ്ഞ വലുപ്പം) നിയന്ത്രണം ഒരുപോലെ നടപ്പാക്കാൻ തീരദേശ സംസ്ഥാനങ്ങളിലെ പ്രതിനിധികളെയും ഒരുമിച്ചിരുത്തി ചർച്ച നടത്തുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു. ഇന്ത്യൻ സമുദ്രാതിർത്തിയിൽ മത്സ്യബന്ധന ബോട്ടുകൾ അനുവദനീയമായ എണ്ണത്തിൽ കൂടുതലാണ്. അമിത മത്സ്യബന്ധനം, ചെറുമീനുകളെ പിടിക്കൽ, കാലാവസ്ഥാ വ്യതിയാനം, മലിനീകരണം എന്നിവ മത്സ്യസമ്പത്ത് കുറയാൻ കാരണമായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐ ഫിഷറീസ് റിസോഴ്സസ് അസസ്മെന്റ് ഡിവിഷൻ മേധാവി ഡോ. ടി വി സത്യാനന്ദൻ, ഡോ. സോമി കുര്യാക്കോസ് എന്നിവർ സംസാരിച്ചു.